**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1032** **02-02-2026 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ഇറിഗേഷൻ ക്വാളിറ്റി കൺട്രോൾ സെക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലവിഭവ വകുപ്പിലെ വിവിധ പദ്ധതികളിൽ മെക്കാനിക്കൽ, സിവിൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ഒറ്റ ടെണ്ടറായി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) | ജലവിഭവ വകുപ്പിലെ ജലസേചന വകുപ്പിന് കീഴിൽ വിവിധ പദ്ധതികളിൽ മെക്കാനിക്കൽ, സിവിൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ഒറ്റ ടെണ്ടറായി പ്രസിദ്ധീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുകയാണ്. കൂടാതെ നിലവിൽ കേരള ജലഅതോറിറ്റിയുടെ മെക്കാനിക്കൽ, സിവിൽ പ്രവൃത്തികൾ ഉൾപ്പെടുന്ന പദ്ധതികൾ ഒറ്റ ടെണ്ടറായി ക്ഷണിക്കാറുണ്ട്. |
| (ബി) | കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന കാസർഗോഡ് ഇറിഗേഷൻ ക്വാളിറ്റി കൺട്രോൾ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം കാസർഗോഡ് ജില്ലയിലേക്ക് മാറ്റുന്നതിനുള്ള നടപടികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ? | (ബി) | തൃശ്ശൂർ ഇറിഗേഷൻ ക്വാളിറ്റി കൺട്രോൾ ഡിവിഷൻറെ ഉപകാര്യാലയമായ കണ്ണൂർ ഇറിഗേഷൻ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻറെ കീഴിലുള്ള കാസർകോഡ് ഇറിഗേഷൻ ക്വാളിറ്റി കൺട്രോൾ, കണ്ണൂർ ഇറിഗേഷൻ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻറെ കാര്യാലയത്തിലാണ് നിലവിൽ പ്രവർത്തിച്ചു വരുന്നത്. ടി കാര്യാലയത്തിനു വേണ്ടി കാസർകോഡ് ജില്ലയിലെ ജലസേചന വകുപ്പിൻറെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഉദ്യോഗസ്ഥർ നേരിട്ട് പോയി സ്ഥലം പരിശോധിച്ചിരുന്നെങ്കിലും കാര്യാലയത്തിന് ഉചിതമായ സ്ഥലം കണ്ടെത്താൻ സാധിച്ചിട്ടില്ല. ഉചിതമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ